A

# സമഗ്ര ശിക്ഷാ കേരളം

## വാർഷിക മൂല്യനിർണ്ണയം 2024-2025

## ഗണിതം

303

ക്ലാസ് : 3

സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര്...........................................................

വിദ്യാലയത്തിന്റെ പേര് ...................................................

ഡിവിഷൻ ...........................................................

രക്ഷിതാവിന്റെ ഒപ്പ് ..................................................

അധ്യാപകന്റെ ഒപ്പ്..................................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | സമ്മാനം | |
| 2 | ക്രിക്കറ്റ് കളി | |
| 3 | അളവ് എഴുതാം | |
| 4 | പച്ചക്കറിത്തോട്ടം | |
| 5 | കാർഡുകളി | |
| 6 | സമയമെത്ര? | |
| | ഓവറോൾ ഗ്രേഡ് | |

### *നിർദേശങ്ങൾ*


- ആദ്യത്തെ 15 മിനിറ്റ് ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ള സമയമാണ്.
- ആറു പ്രവർത്തനങ്ങളിൽ അഞ്ചു പ്രവർത്തനങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.
- തിരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരമെഴുതണം.

### പ്രവർത്തനം 1 - സമ്മാനം

ബാല ക്ലബ്ബ് പുതുവർഷ ആഘോഷത്തിന് പ്രസംഗ മത്സരം നടത്തി. വിവിധ വിഭാഗങ്ങളിലായി 4 പേർ വിജയികളായി. വിജയികൾക്ക് 500/- രൂപ വീതമാണ് സമ്മാനം. സമ്മാനക്കവറിൽ വയ്ക്കാനായി എടുത്ത നോട്ടുകളും അവയുടെ എണ്ണവും എഴുതിയ പട്ടികനോക്കൂ. വിട്ടഭാഗം പൂരിപ്പിക്കുക.

| കവർ | നോട്ടുകൾ | നോട്ടുകളും എണ്ണവും |
|---|---|---|
| 1 | 100 രൂപ നോട്ടുകൾ മാത്രം | ______ x 100 = 500 |
| 2 | 10 രൂപ നോട്ടുകൾ മാത്രം | ______ x 10 = 500 |
| 3 | 100 രൂപ നോട്ടുകളും<br>50 രൂപ നോട്ടുകളും | 4 x 100 = 400<br>2 x 50 = 100<br>500 |
| 4 | മൂന്നുതരം നോട്ടുകൾ | ____ x ______ = ____<br>____ x ______ = ____<br>____ x ______ = ____<br>500 |

## പ്രവർത്തനം 2 - ക്രിക്കറ്റ് കളി



കാട്ടിൽ ക്രിക്കറ്റ് കളി നടക്കുന്നു. പാന്തേഴ്സ് ക്ലബ്ബും ടസ്കർ ക്ലബ്ബും തമ്മിലാണ് കളി. ആദ്യം ബാറ്റുചെയ്തത് ടസ്കർ ക്ലബ്ബാണ്. അവരുടെ സ്കോർ നോക്കൂ.

| | | |
|---|---|---|
| ജാംങ്കോ ആന | - | 125 റൺസ് |
| മുട്ടൻ സിംഹം | - | 109 റൺസ് |
| സ്പീഡി കുതിര | - | 75 റൺസ് |

ഇപ്പോൾ ടീം പാന്തേഴ്സ് ക്ലബ്ബിലെ ജമ്പൻ പുലി 120 റൺസും ട്രിക്കി കുറുക്കൻ 92 റൺസും എടുത്ത് ബാറ്റു ചെയ്യുകയാണ്.

എ) ടസ്കർ ക്ലബ്ബ് എത്ര റൺസ് നേടി?

ബി) പാന്തേഴ്സ് ക്ലബ്ബിന് ഇപ്പോൾ എത്ര റൺസ് ഉണ്ട്?

സി) പാന്തേഴ്സ് ക്ലബ്ബിന് ജയിക്കാൻ ഇനി എത്ര റൺസ് കൂടി വേണം?

## പ്രവർത്തനം 3 - അളവ് എഴുതാം.


എ) ചിത്രത്തിൽ കാണുന്ന അളവുപാത്രങ്ങൾകൊണ്ടും തൂക്കക്കട്ടി കൊണ്ടും അളക്കുമ്പോൾ കിട്ടുന്ന അളവും യൂണിറ്റും എഴുതി പട്ടിക പൂർത്തിയാക്കുക.

| | | |
|---|---|---|
|  | 2 തവണ | 10 മില്ലിലിറ്റർ |
|  200 ml | 4 തവണ | .............................. |
|  1L | 3 തവണ | .............................. |
|  500 gm | 4 തവണ | .................... കിലോഗ്രാം |

ബി) മൂന്നാം ക്ലാസിലെ ലേജുവിന്റെ ഉയരവും ഭാരവും അളന്നത് തന്നിരിക്കുന്നു. ശരിയായ യൂണിറ്റ് എഴുതിച്ചേർക്കൂ.

ഉയരം : 128......................


ഭാരം : 35 ......................



### പ്രവർത്തനം 4 – പച്ചക്കറിത്തോട്ടം

മിലന്റെ സ്കൂളിലെ പച്ചക്കറിത്തോട്ടത്തിൽ നിന്നും ഇന്നു ലഭിച്ച പച്ചക്കറികളുടെ ചിത്രമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

എ) ഓരോ പച്ചക്കറിയും എത്രയെണ്ണം എന്ന് പട്ടികയിൽ എഴുതു.



| പച്ചക്കറിയുടെ പേര് | എണ്ണം |
|---|---|
| മത്തങ്ങ | |
| തക്കാളി | |
| വെണ്ടയ്ക്ക | |
| ഉരുളക്കിഴങ്ങ് | |
| ഉള്ളി | |

ബി) ഒരേ എണ്ണം കിട്ടിയ പച്ചക്കറികൾ ഏതൊക്കെ?

സി) പട്ടികയെ അടിസ്ഥാനമാക്കി ഒരു ചോദ്യം എഴുതുക.

## പ്രവർത്തനം 5 - കാർഡുകളി

അജയും മിലനും കാർഡുകളിക്കുകയാണ്. പെട്ടിയിൽ നിന്നും 24 കാർഡ് എടുത്ത് തുല്യമായി വീതിച്ച് കളി തുടങ്ങി.



എ) ഓരോരുത്തരുടെയും കൈയിൽ എത്ര കാർഡുകൾ ഉണ്ട്?



ബി) ഒരു കളി കഴിഞ്ഞപ്പോൾ 2 കൂട്ടുകാർ കൂടി വന്നു. അവർ എല്ലാവരും കൂടി പുതിയ കളി തുടങ്ങാൻ കാർഡുകൾ വീണ്ടും തുല്യമായി വീതിച്ചു. ഇപ്പോൾ ഓരോരുത്തരുടെയും കൈയിൽ എത്ര കാർഡുകൾ ഉണ്ടാകും?

സി) കുറച്ചുനേരം കഴിഞ്ഞപ്പോൾ നാലുപേർകൂടി വന്നു. പെട്ടിയിൽ നിന്നും 24 കാർഡുകൂടി എടുത്തു നേരത്തെയുള്ള കാർഡിനോടുചേർത്തുവച്ചു. പുതിയ കളിതുടങ്ങാൻ കാർഡുകൾ തുല്യമായി വീതിച്ചു. ഇപ്പോൾ ഓരോരുത്തരുടെയും കൈയിൽ എത്ര കാർഡുകൾ ഉണ്ടാകും? ശരിയായ ഉത്തരത്തിനു ' ✓ ' ഇടുക.

| എ | ബി | സി | ഡി |
|---|---|---|---|
| 6 | 12 | 8 | 24 |

### പ്രവർത്തനം 6 – സമയമെത്ര?

എ) ക്ലോക്കിലെ സമയം എഴുതിയും സൂചികൾ വരച്ചുചേർത്തും പട്ടിക പൂർത്തിയാക്കൂ.

| | |
|---|---|
|  | .................... |
|  | 2.15 |
|  | 1.45 |

ചെങ്ങന്നൂരിലെ അമ്മാവന്റെ വീട്ടിലേയ്ക്കുപോകാനായി തൻവി വർക്കലയിൽ നിന്നും ട്രെയിൻ കയറി. 3.30-ന് യാത്ര തുടങ്ങിയ ട്രെയിൻ അരമണിക്കൂർ കഴിഞ്ഞപ്പോൾ കൊല്ലത്തും വീണ്ടും ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ ചെങ്ങന്നൂരിലുമെത്തി.

ബി) ട്രെയിൻ കൊല്ലത്ത് എത്തിയ സമയം എത്ര?

സി) ട്രെയിൻ ചെങ്ങന്നൂരിലെത്തിയ സമയം എത്ര?

